# പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 476 | | 06.03.2012 ൽ മറുപടിയ്ക്ക് |
|---|---|---|
| മാതൃകാ അംഗൻവാടി പദ്ധതി | | |
| ചോദ്യം | | മറുപടി |
| ശ്രീ.കെ.ദാസൻ | | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| (എ) | സർക്കാർ ആവിഷ്ക്കരിച്ചിട്ടുള്ള മാതൃകാ അംഗൻവാടി പദ്ധതിയുടെ വിശദവിവരം ലഭ്യമാക്കാമോ; ഈ പദ്ധതി നടപ്പിലാക്കുന്നതിന് നാളിതു വരെ എന്തെല്ലാം പ്രവർത്തനങ്ങ ളാണ് നടത്തിയിട്ടുള്ളത്; വ്യക്ത മാക്കുമോ; | (എ) സംസ്ഥാനത്തെ ഓരോ നിയോജകമണ്ഡലത്തിലും ഒരു മാതൃകാ അംഗൻവാടി വീതം നിർമ്മിക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. 10 സെന്റ് സ്ഥലത്ത് 910 ചതുരശ്ര അടി വിസ്തീർണ്ണമുള്ള കെട്ടിടത്തിൽ ക്ലാസ് റൂം, ഡൈനിംഗ് റൂം, റീഡിംഗ് റൂം, മുതിർന്ന സ്ത്രീകളുടെ പകൽ പരിപാലന ഹാൾ, ഫീഡിംഗ് റൂം, അടുക്കള, സ്റ്റോർ റൂം, ശിശു സൗഹൃദ ടോയിലറ്റ്, സ്ത്രീ സൗഹൃദ ടോയിലെറ്റ്, വാഷ് ഏരിയ, കുടിവെള്ളം, വാട്ടർ കണക്ഷൻ, സാനിറ്റേഷൻ ഐറ്റം, ഇലക്ട്രിഫിക്കേഷൻ തുടങ്ങിയ സൗകര്യങ്ങൾ ഏർപ്പെടുത്തികൊണ്ട് നിർമ്മിക്കുന്ന പ്രസ്തുത മാതൃകാ അംഗൻവാടിയ്ക്ക് 19,25,000/- രൂപ ചെലവ് വരും. മാതൃകാ അംഗൻവാടികൾ നിർമ്മിക്കുന്നതു-ൾപ്പെടെയുള്ള, ആവശ്യങ്ങൾക്കായി അനുപൂരക പോഷകാഹാര വിതരണത്തിനായി കേന്ദ്ര സർക്കാർ അധിക വിഹിതമായി അനുവദിച്ചിട്ടുള്ള തുകയിൽ നിന്നും 5452.49 ലക്ഷം രൂപ സാമൂഹ്യക്ഷേമ വകുപ്പു ഡയറക്ടറുടെ പേരിൽ മാറി തിരുവനന്തപുരം ജില്ലാ |

| | | |
|---|---|---|
| | | തുകയിൽ നിന്നും 15 ലക്ഷം രൂപയും ബാക്കി എംഎൽഎ മാരുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നുമാണ് കണ്ടെത്തുന്നത്. മാതൃകാ അംഗൻവാടി കെട്ടിടം നിർമ്മിക്കുന്നതിന് 10 സെന്റ് സ്ഥലം ലഭ്യമായിട്ടുള്ള അംഗൻവാടികളുടെ വിവരം ബന്ധപ്പെട്ട എം.എൽ. എ യുടെ ശുപാർശയോടുകൂടി ലഭ്യമാക്കുവാൻ ബന്ധപ്പെട്ട ശിശുവികസന പദ്ധതി ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനകം പരിഗണനാർഹമായ 20 അംഗൻവാടികൾക്ക് മേൽപ്പറഞ്ഞ വിധത്തിൽ സ്ഥലം കണ്ടെത്തി പ്രൊപ്പോസലുകൾ ലഭ്യമായിട്ടുണ്ട്. |
| (ബി) | കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ മാതൃകാ അംഗൻവാടിയായി തെരഞ്ഞെടുത്തിട്ടുള്ള അംഗൻവാടി ഏതാണെന്നും അത് ഏത് പഞ്ചായത്തിലാണ് എന്നും വ്യക്തമാക്കാമോ; എത്ര തുകയാണ് ഇതിന് വകയിരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ നിന്നും മുടാടി ഗ്രാമപഞ്ചായത്തിലെ 100-ാം നമ്പർ അംഗൻവാടി സെന്ററിനെ മാതൃകാ അംഗൻവാടിയാക്കുന്നതിനായി നിർദ്ദേശം ലഭിച്ചിട്ടുണ്ട്. ഒരു മാതൃകാ അംഗൻവാടിയ്ക്ക് എംഎൽഎ ഫണ്ട് ഉൾപ്പെടെ 19,25,000/- രൂപയാണ് അനുവദിക്കാൻ ഉദ്ദേശിക്കുന്നത്. |

| | | |
|---|---|---|
| (സി) | കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ എത്ര അംഗൻവാടികൾ ഉണ്ട്; പഞ്ചായത്ത്/നഗരസഭ തിരിച്ചുള്ള പട്ടിക ലഭ്യമാക്കാമോ ? | (സി) കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ 234 അംഗൻവാടികൾ ഉണ്ട്. അവയുടെ പഞ്ചായത്ത്/നഗരസഭ തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:<br>കൊയിലാണ്ടി മുനിസിപ്പാലിറ്റി - 71<br>ചേമഞ്ചേരി - 34<br>ചെക്കോട്ട്കാവ് - 27<br>മൂടാടി - 32<br>പയ്യോളി - 43<br>തിക്കോടി - 27<br>-----<br>ആകെ - 234<br>====== |

സെക്ഷൻ ഓഫീസർ